പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2592

19.03.2015 -ലെ മറുപടിയ്ക്ക്

## ടി.സി.എസ്. ജീവനക്കാരുടെ പിരിച്ചുവിടൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എളമരം കരീം | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഇൻഫോ പാർക്കിലെ ടി.സി.എസ്. എന്ന ഐ.ടി കമ്പനിയിൽ നിന്നും ജീവനക്കാരെ പിരിച്ചുവിട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ ; | (ബി) ശ്രീ.നിജു ഹുസൈൻ 24.02.2015-ലും ശ്രീ.അനീഷ് തോമസ് 02.03.2015-ലും പരാതി സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികളുടെ ഭാഗമായി ശ്രീ. നിജു ഹുസൈന്റെ അപേക്ഷയിൽ 04.03.2015-ൽ ബന്ധപ്പെട്ടവരെ ചർച്ചയ്ക്ക് വിളിക്കുകയും മാനേജ്മെന്റ് ഹാജരാകാത്തതിനാൽ 16.03.2015 ലേയ്ക്ക് ചർച്ച മാറ്റി വയ്ക്കുകയും ചെയ്തു. ശ്രീ. അനീഷ് തോമസിന്റെ അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി)കഴിഞ്ഞ സർക്കാർ അംഗീകരിച്ച എസ്.ഇ.സെഡ് പൊളിസി പ്രകാരം പ്രത്യേക സാമ്പത്തിക മേഖലയിൽ തൊഴിൽ നിയമങ്ങൾ ബാധകമാണ് എന്നതിൽ നിലപാട് വ്യക്തമാക്കുമോ? | (സി) പ്രത്യേക സാമ്പത്തിക മേഖലയിൽ തൊഴിൽ നിയമങ്ങൾ ബാധകമാണ്. സെസ്സ് ഡെവലപ്മെന്റ് കമ്മീഷണറുടെ അനുവാദത്തോടെ തൊഴിലിടങ്ങളിൽ പരിശോധന നടത്തി തൊഴിൽ നിയമ ലംഘനങ്ങൾക്ക് എതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിൽ തർക്ക നിയമ പ്രകാരം സെസ്സിൽ നടപടികൾ സ്വീകരിക്കുന്നതിന് സെസ്സ് ഡവലപ്മെന്റ് കമ്മീഷണറെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ